<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3641</u> <u>26-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി. എടത്വ ഡിപ്പോ നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. എടത്വ ഡിപ്പോ നവീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുനുസരിച്ച് ഡിപ്പോ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി നിലവിൽ നടത്തുന്ന ദീർഘദൂര സർവ്വീസുകൾക്ക് ആവശ്യമായ ബസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ അഭാവത്താൽ പ്രതിദിന സർവ്വീസുകൾക്ക് മുടക്കം വരാത്ത രീതിയിൽ ബസ്സുകൾ ക്രമീകരിക്കുന്നതിനായി ഒരു ജില്ലാതല സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ നഷ്ടം സഹിച്ച് സർവ്വീസുകൾ നടത്തുവാൻ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സാധിക്കുകയില്ല. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ദിർഘദൂര സർവ്വീസുകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ